LIBRARY ARCHIVES Kerala Legislative Assembly

അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്

247 (912) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അക്കാഡമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനംവഴി നടപ്പാക്കിയ പദ്ധതികൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അക്കാഡമി ഏതെല്ലാം തൊഴിൽ മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വിവിധ മേഖലയിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുക, ആഗോളവത്കരണത്തെത്തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിൽ സാധ്യതയ്ക്കനുസൃതമായി ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്ര പരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നിവയാണ് ഈ അക്കാഡമിയുടെ പ്രധാന ലക്ഷ്യം.

(ബി) ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം Lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക്ക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിംഗ്, റീടെയിൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കൗശലകേന്ദ്രം തുടങ്ങുന്നതിന് കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുട്ടനാട്ടിലും സ്ഥലം കണ്ടെത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുംചെയ്യുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിന് പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ

പുരോഗമിച്ചുവരികയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ അഞ്ച് ഏക്കർ സ്ഥലം മാറ്റിവയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയുംചെയ്യുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു.

(സി) ഹൈടെക്ക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിംഗ്, റീടെയിൽ, സെക്യൂരിറ്റി, കൺസ്ട്രക്ഷൻ, നഴ്സിംഗ്, വ്യോമയാനം, ടൂറിസം, ഓട്ടോമൊബൈൽ, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം

248 (913) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനവ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ടോ ; ഓരോ വിഭാഗം ജീവനക്കാർക്കും നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയെന്ന് ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ബി) മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ മിനിമം വേതനം സർക്കാരിന്റെ 5-11-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ വിവിധ വിഭാഗം ജീവനക്കാരുടെ കുറഞ്ഞ കൂലി നിരക്കുകൾ ടി വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ടി ഉത്തരവ് തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ളത് പരിശോധിക്കാവുന്നതാണ്.

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ സ്ക്വാഡ്

LIBRARY ARCHIVES Kerala Legislative Assembly